ശ്രീ. ടി. എം. ജേക്കബ് : അൺ എയിഡഡ് സ്ക്കൂളുകളെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് ചില ചട്ടങ്ങളും നിബന്ധനകളും നിലവിലുണ്ട്. അൺ എയിഡഡ് സ്ക്കൂളുകളിൽ ചേരുന്ന അദ്ധ്യാപകർക്കു തന്നെയറിയാം അവർക്ക് പ്രത്യേകമായൊരു സാലറി റിഷ്ചയിച്ചുകൊണ്ടല്ല അവിടെ നിയമനം കിട്ടുന്നതെന്ന്. എന്നിരുന്നാലും അൺ എയിഡഡ് സ്ക്കൂളുകളിലെ മാനേജർമാരുമായി ഞാൻ ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും ഇവർക്ക് നല്ലയിനത്തിലുള്ള ശമ്പളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അവരോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിക്കുന്നതുമൂലം സർക്കാർ എയിഡഡ് സ്ക്കൂളുകളിലെ ആയിരക്കണക്കിന് അദ്ധ്യാപകൻമാരുടെ ജോലി നഷ്ടപ്പെടുത്തുന്നതുകൊണ്ട് മേലിലെങ്കിലും ഇത്തരം കച്ചവടം അവസാനിപ്പിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തിന്റെ നിഗമനം ശരിയല്ല. അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിക്കുന്നതുകൊണ്ട് അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുന്നില്ല.

വാട്ടർ ചാർജ്

* 195. [215] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) വീട്ടാവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് അംഗീകാരം നൽകാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വീട്ടാവശ്യത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ് ;

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. പങ്കജാക്ഷൻ : വാട്ടർ അതോറിറ്റി രൂപീകരിച്ചപ്പോൾ നിലവിലുണ്ടായിരുന്ന വെള്ളക്കരം വർദ്ധിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഫ്രീ-അലവൻസിൽ ഉണ്ടായിരുന്ന വ്യത്യാസം കുറവു വരുത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇനി വർദ്ധിപ്പിക്കുന്നതിനെപ്പറ്റി പരിഗണിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എം. മാണി : വർദ്ധനവിനെപ്പറ്റി പഠനം നടത്തുന്നതിനേ തീരുമാനിച്ചിട്ടുള്ളു. ഒരു വസ്തുത എല്ലാവരും മനസ്സിലാക്കണം. സാധാരണ തത്വം, ഒരു പ്രോജക്ട് ഉണ്ടെങ്കിൽ അതിന്റെ ചെലവിനാവശ്യമായ വരുമാനം അവിടെ നിന്ന് ഉണ്ടാകണം. ഇപ്പോൾ ഈടാക്കുന്ന നിരക്ക് കൊടുക്കുന്ന വെള്ളത്തിന് വരുന്ന ചെലവ് നേരിടാൻ തികയുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അത് കൂട്ടണമോ വേണ്ടയോ എന്നുള്ളത് തീരുമാനിച്ചിട്ടില്ല. ഇപ്പോൾ ലോ റേറ്റാണ്.

ശ്രീ. കെ പങ്കജാക്ഷൻ : വെള്ളത്തിന്റെ ചെലവുമായി പൊരുത്തപ്പെടുന്നതിന് നിരക്ക് വർദ്ധിപ്പിക്കുന്ന സമ്പ്രദായത്തെപ്പറ്റി ആലോചിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും മൗലികമായ ആവശ്യത്തിന് ഗവൺമെന്റ് സൗജന്യമായി ശുദ്ധജലം കൊടുക്കേണ്ടതാണ്. അതിനാണ് ഗവൺമെന്റ് ശ്രമിക്കേണ്ടത്. ഗവൺമെന്റ് സബ്സിഡൈസ് ചെയ്യുകയാണ് വേണ്ടത്. അത്തരത്തിലുള്ള നടപടിയെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് വിശാലമായ നയപ്രശ്നമാണ്. അതിനെ പറ്റി ആലോചിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : നഗര സഭകൾക്ക് ശുദ്ധജല വികസനത്തിനുള്ള അധികാരം നിലവിലിരുന്ന കാലത്ത് പൊതുജനങ്ങൾക്കും നഗരവാസികൾക്കും നൽകിക്കൊണ്ടിരുന്ന ശുദ്ധജലം ഒരളവുവരെ സൗജന്യമായിട്ടും ബാക്കിയുള്ളതിന് സർവ്വീസ് ചാർജ് മാത്രം കണക്കാക്കിയാണ് കരം ഈടാക്കി കൊണ്ടിരുന്നത്. ആ വസ്തുത പരിഗണിച്ച് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിട്ടി സൗജന്യവും അതിനുപുറമെ നാമമാത്രവുമായ ചെലവ് ഈടാക്കുന്ന നയസമീപനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റിയുടെ ചാർജ് ഈ അടുത്ത കാലത്ത് ഉയരുകയുണ്ടായി. ജലവിതരണത്തിനുള്ള ചെലവുകളും പല കാരണങ്ങളാലും വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് പഴയകാലത്ത് ഫിക്സ് ചെയ്ത റേറ്റ് ഒരു രീതിയിൽ പറഞ്ഞാൽ ഇപ്പോൾ നേരിടുന്ന ചെലവുകൾ നികത്താൻ തികയുന്നില്ല. എങ്കിലും അത് കൂട്ടരുത് എന്നാണ് മനസ്സിലിരിക്കുന്നത്. കൂടുമോ ഇല്ലയോ എന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : വാട്ടർ സപ്ലൈ സ്കീമിൽ കൂടി കൊടുക്കുന്ന വെള്ളത്തിൽ റെയിൽവേക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഡൊമസ്റ്റിക് പർപ്പസിന് ഈടാക്കുന്ന ചാർജിനേക്കാൾ താഴ്ന്ന ചാർജ്ജാണ് ഈടാക്കുന്നത്. ഇതുകൂടി വർദ്ധിപ്പിച്ചതിനുശേഷം ഇത് പരിഗണിക്കുന്നതായിരിക്കുകയല്ലേ നല്ലത്.

ശ്രീ. കെ. എം. മാണി : ഡൊമസ്റ്റിക്കിന് ആയിരം ലിറ്ററിന് 75 പൈസ ഈടാക്കുമ്പോൾ നോൺ-ഡൊമസ്റ്റിക്കിന് രണ്ടു രൂപയോളമാണ് ഈടാക്കുന്നത്. നോൺ-ഡൊമസ്റ്റിക്കിന് ഇപ്പോൾ കൂടുതൽ തുകയാണ് ഈടാക്കുന്നത്.

സംയോജിത ശിശുവികസന പദ്ധതികൾ

* 196. [216] ശ്രീ. കെ. കെ. ശ്രീനിവാസൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, സ്റ്റീഫൻ പാടുവ :
,, ബെന്നിബഹന്നാൻ :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സംയോജിത ശിശു വികസന പദ്ധതികൾ ആരംഭിച്ചു ;

(ബി) എത്ര ലക്ഷം ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംയോജിത ശിശു വികസന പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly